പതിനാലാം കേരള നിയമസഭ

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2376** 7-2-2019 ൽ മറുപടിക്ക്

**ലാഭകരമായി പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.ഉണ്ണി** | **ശ്രീ. ഇ.പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ ലാഭത്തിൽ ആക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ മത്സരക്ഷമതയുള്ളതാക്കി തീർക്കുന്നതിന്റെ ഭാഗമായി ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം എന്നീ നടപടികൾക്ക് പ്രാമുഖ്യം നൽകി പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നു. ഇതിനായി ബഡ്ജറ്റിൽ നിന്നും കൂടുതൽ ധനസഹായവും അനുവദിച്ചുവരുന്നു. 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകി. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും സ്ഥാപനങ്ങൾ സമർപ്പിച്ച വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം നൽകുകയും ചെയ്തു. 2017-18 സാമ്പത്തിക വർഷം അധിക ധനസഹായമായി 13 കോടിരൂപയും നൽകിയിരുന്നു. 2018-19 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള ധനസഹായമായി ബഡ്ജറ്റിൽ 297.35 കോടിരൂപ വകയിരുത്തി സ്ഥാപനങ്ങളുടെ വിവിധ പദ്ധതികൾക്കായി നൽകിവരുന്നു. |

2019-20ൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 299.35 കോടിരൂപ വകയിരുത്തിയിട്ടുണ്ട്.

ചെലവു കുറഞ്ഞതും നൂതനവുമായ സാങ്കേതിക വിദ്യകൾ നടപ്പിലാക്കി ഉൽപ്പാദന സംവിധാനങ്ങളിൽ കാലോചിതമായ നവീകരണ പ്രക്രിയകൾ കൊണ്ടുവന്നു ഉൽപ്പാദന വിപുലീകരണം സാധ്യമാക്കിയും വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള നൂതനമായ വിപണന സംവിധാനങ്ങൾ ആവിഷ്ക്കരിച്ചും സ്ഥാപനങ്ങളെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം എല്ലാ മാസവും വിശദമായ അവലോകനത്തിന് വിധേയമാക്കിവരുന്നു. ഓരോ സ്ഥാപനങ്ങളേയും പ്രത്യേകം പ്രവർത്തന അവലോകത്തിനു വിധേയമാക്കുന്നതിനാൽ പ്രവർത്തന സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായി തന്നെ പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞു. കൂടാതെ മാസം തോറും നടത്തിവരുന്ന പ്രവർത്തന അവലോകനങ്ങളുടെ ഫലമായി അനുകരണീയമാക്കാവുന്ന മാനേജ്മെൻറ് നടപടിക്രമങ്ങൾ മറ്റുള്ള സ്ഥാപനങ്ങളിലേയ്ക്കും പകർന്നു നൽകുവാൻ സഹായകമായിട്ടുണ്ട്. വിവിധ തലങ്ങളിലുള്ള ജീവനക്കാർക്ക് ആവശ്യമായ പരിശീലന പരിപാടികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിച്ചും ഡയറക്ടർ ബോർഡുകളിൽ വിവിധ മേഖലകളിൽ

| | | | |
|---|---|---|---|
| | | | വൈദഗ്ദ്ധ്യമുള്ളവരെ ഉൾപ്പെടുത്തിയും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | 1.7.2011 മുതൽ 31.3.2016 വരെയുള്ള കാലയളവിൽ നഷ്ടത്തിലായിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ; | (ബി) | 2011-16, കാലയളവിൽ എല്ലാ വർഷങ്ങളിലും നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ വിവരം അനുബന്ധം I ആയി ചേർക്കുന്നു |
| (സി) | 31.12.2018 ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് ഏതെല്ലാം വ്യവസായ സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കുമോ; ഇതിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏതെല്ലാം സ്ഥാപനങ്ങൾ നഷ്ടത്തിലായിരുന്നു എന്ന് വ്യക്തമാക്കാമോ? | (സി) | 2017-18 സാമ്പത്തിക വർഷാവസാനം അവലോകനത്തിനായി പരിഗണിച്ച 40 പൊതുമേഖലാ സ്ഥാപനങ്ങളിൽ ആഡിറ്റിനു മുൻപുള്ള കണക്കുകൾ പ്രകാരം ലാഭത്തിൽ പ്രവർത്തിക്കുന്ന 14 സ്ഥാപനങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.<br>2018-19 സാമ്പത്തിക വർഷത്തിലെ കണക്കുകൾ മാർച്ച് 2019 നു ശേഷമേ ലഭ്യമാവുകയുള്ളൂ.<br>ഇതിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2015-16 ൽ) നഷ്ടത്തിൽ പ്രവർത്തിച്ച സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു. |

| Sl.No. | Name of the Company |
|---|---|
| 1 | Travancore-Cochin Chemicals Ltd |
| 2 | Travancore Titanium Products Ltd |
| 3 | Steel and Industrial Forgings Ltd |
| 4 | Kerala State Industrial Enterprises Ltd |
| 5 | Transformers and Electricals Kerala Ltd |
| 6 | The Kerala Minerals and Metals Ltd |

സെക്ഷൻ ഓഫീസർ

| | |
|---|---|
| | Alleppey Co-operative Spinning Mills Ltd |
| 2 | Autokast Ltd. |
| 3 | Handicrafts Development Corporporation (Kerala) Ltd |
| 4 | Hantex |
| 5 | Keltron Component Complex Ltd |
| 6 | Kerala Automobiles Ltd |
| 7 | Kerala Electrical & Allied Engineering Company Ltd. |
| 8 | Kerala State Bamboo Corporation Ltd. |
| 9 | Kerala State Handloom Development Corporation Ltd |
| 10 | Kerala State Textile Corporation Ltd |
| 11 | SAIL-SCL Kerala Ltd |
| 12 | Sitaram Textiles Ltd |
| 13 | The Cannannore Co-operative Spinning Mills Ltd |
| 14 | The Kerala Ceramics Ltd |
| 15 | The Malappuram Co-operative Spinning Mills Ltd |
| 16 | The Metal Industries Ltd |
| 17 | The Quilon Co-operative Spinning Mills Ltd |
| 18 | The Travancore Cements Ltd |
| 19 | The Trichur Co-operative Spinning Mills Ltd |
| 20 | Trivandrum Spinning Mills Ltd |
| 21 | United Electrical Industries Ltd. |

അനുബന്ധം_II

| Sl. No | Name of the Company |
|---|---|
| 1 | The Kerala Minerals and Metals Ltd |
| 2 | Kerala State Industrial Development Corporation Ltd |
| 3 | Travancore-Cochin Chemicals Ltd |
| 4 | Travancore Titanium Products Ltd |
| 5 | Transformers and Electricals Kerala Ltd |
| 6 | Kerala State Electronics Development Corporation Ltd |
| 7 | Steel and Industrial Forgings Ltd |
| 8 | Malabar Cements Ltd |
| 9 | Kerala State Drugs & Pharmaceuticals Ltd |
| 10 | Kerala State Industrial Enterprises Ltd |
| 11 | Kerala Artisans Development Corporation Ltd |
| 12 | Keltron Electro Ceramics Ltd |
| 13 | Steel Industrials Kerala Ltd |
| 14 | Forest Industries (Travancore) Ltd |

സെക്ഷൻ ഓഫീസർ